# Desabhimani
# 12 July 2018
# Ernakulam, Heavy Rain Fall

**കൊച്ചി**

രണ്ടുദിവസമായി തുടരുന്ന കനത്തമഴയിൽ ദുരിതംപെയ്യുന്നു. നഗരത്തിലടക്കം വെള്ളക്കെട്ട് രൂക്ഷമാണ്. കാലടിയിൽ വീട് തകർന്നു. കുമ്പളങ്ങിയിൽ മരംവീണ് വൈദ്യുതി തടസ്സപ്പെട്ടു. ഇടപ്പള്ളിയിൽ മൂന്നു വീടുകളിൽ വെള്ളം കയറി. കൊച്ചി മേയർ സൗമിനി ജെയിനിന്റെ ഡിവിഷനായ ജവഹർനഗറിൽ റോഡിൽ വെള്ളക്കെട്ട് രൂക്ഷമായി. വടുതല സമിതി റോഡിൽ നാലു വീടുകളിൽ വെള്ളംകയറി. ഇവരുടെ വാട്ടർടാങ്കുകളിൽ മലിനജലം നിറഞ്ഞ് ഉപയോഗശൂന്യമായി. വീടുകൾക്ക് സമീപമുള്ള താഴ്ന്നപ്രദേശം സ്ഥലമുടമ നികത്താൻ തുടങ്ങിയതോടെ ഇവിടെയുണ്ടായിരുന്ന കൈത്തോട് മൂടിപ്പോയതാണ് വെള്ളം കെട്ടിനിൽക്കാൻ കാരണം. തോട് നിലനിർത്തണമെന്ന് നാട്ടുകാർ ആവശ്യപ്പെട്ടിട്ടും ഫലമുണ്ടായില്ല.

ജില്ലയിലെ പ്രധാന നദികളായ പെരിയാറിലും മൂവാറ്റുപുഴയാറിലും ജലനിരപ്പ് ഉയർന്നുതന്നെ നിൽക്കുകയാണ്. നാലു ദിവസത്തിനിടെ ജില്ലയിൽ 7.33 ലക്ഷം രൂപയുടെ കൃഷി നശിച്ചു. വാഴ, റബർ, കവുങ്ങ്, തെങ്ങ് തുടങ്ങിയ വിളകളെയും പച്ചക്കറിക്കൃഷിയെയുമാണ് മഴ സാരമായി ബാധിച്ചത്. മഴയ്ക്ക് ശമനമുണ്ടെങ്കിലും നേരത്തെ നൽകിയ കാലാവസ്ഥാമുന്നറിയിപ്പുകൾ പാലിക്കണമെന്ന് ജില്ലാ അടിയന്തരഘട്ടകാര്യ നിർവഹണകേന്ദ്രം അറിയിച്ചു.

നഗരത്തിന്റെ പലഭാഗത്തും കാന നിർമാണത്തിലെ അശാസ്ത്രീയതമൂലമാണ് വെള്ളക്കെട്ട് രൂപപ്പെട്ടത്. ദേശാഭിമാനി ജങ്ഷൻ, എംജി റോഡ് തുടങ്ങിയ ഭാഗങ്ങളിൽ റോഡിൽ കെട്ടിനിൽക്കുന്ന വെള്ളം ഓടയിലേക്ക് ഒഴുകിയിറങ്ങാൻ സൗകര്യമില്ല. ഇതുമൂലമാണ് വെള്ളക്കെട്ട് രൂക്ഷമായത്. മഴക്കാലത്തിനുമുമ്പേ നഗരസഭ കാനകൾ അറ്റകുറ്റപ്പണി നടത്താത്തതിനെപ്പറ്റി പരാതി ഉയർന്നിരുന്നു. എന്നാൽ, ഇതിന് അധികൃതർ പുല്ലുവിലയാണ് കൽപ്പിച്ചത്. എംജി റോഡിൽ മെട്രോനിർമാണം നടക്കുന്ന പ്രദേശത്തും വെള്ളക്കെട്ടുണ്ട്. ഇതു പരിഹരിക്കാനും നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ല.

മഴ രണ്ടുദിവസംകൂടി തുടരുമെന്ന് കാലാവസ്ഥാ നിരീക്ഷണകേന്ദ്രം അറിയിച്ചു. ഇതിനുശേഷം നല്ല രീതിയിലുള്ള കുറവുണ്ടാകും. എന്നാൽ, സംസ്ഥാനത്തിന്റെ വടക്കൻപ്രദേശങ്ങളിൽ മഴ തുടരും.



**ഇടപ്പള്ളിയിൽ വീടിനകത്തു കയറിയ വെള്ളം വീട്ടമ്മ കോരിക്കളയുന്നു**

## സീപോർട്ട് എയർപോർട്ട് റോഡിലേക്ക് മതിലിടിഞ്ഞ് വീണു

**കളമശേരി**

കുസാറ്റ് സ്റ്റോപ്പിന് സമീപം സീപോർട്ട് എയർപോർട്ട് റോഡിലേക്ക് സ്വകാര്യ സ്ഥാപനത്തിന്റെ മതിലിടിഞ്ഞ് വീണു. ചൊവ്വാഴ്ച രാത്രിയാണ് സംഭവം. എച്ച്എംടി റോഡിൽനിന്ന് സീപോർട്ട് എയർപോർട്ട് റോഡിലേക്ക് തിരിയുന്ന ഭാഗത്താണ് അമ്പതടിയോളം ഉയരത്തിൽനിന്ന് മതിൽ ഇടിഞ്ഞ് മണ്ണും കല്ലും റോഡിലേക്ക് വീണു ഗതാഗതം തടസ്സപ്പെട്ടത്. രാത്രിയിൽ ആയതിനാൽ അപകടം ഒഴിവായി.

റോഡിന്റെ ഒരു ഭാഗത്ത് ഗതാഗത തടസ്സം നേരിട്ടതിനാൽ കാക്കനാട് ഭാഗത്തേക്കുള്ള റോഡ് ഭാഗികമായി അടച്ച് രണ്ടുവരി പാതയിലൂടെ ഇരു ഭാഗത്തേക്കുമുള്ള വാഹനങ്ങൾ കടത്തിവിടുകയായിരുന്നു. ഉച്ചയോടെ മണ്ണുമാന്തി യന്ത്രം ഉപയോഗിച്ച് മതിലിന്റെ ബാക്കി ഭാഗവും പൊളിച്ച് നീക്കി. മതിലിന്റെ പഴക്കവും കഴിഞ്ഞ ദിവസങ്ങളിൽ തുടർച്ചയായി പെയ്ത മഴയുമാണ് മതിൽ ഇടിഞ്ഞുവീഴാൻ കാരണം.

## മഴ: 25 ഏക്കറിലെ പൊക്കാളി നെൽക്കൃഷി നശിച്ചു

**മുളന്തുരുത്തി**

തുടർച്ചയായി മഴ പെയ്ത് വെള്ളം പൊങ്ങിയതോടെ പൊക്കാളിക്കൃഷി നശിച്ചു. ഉദയംപേരൂർ മാളേകാട് പ്രദേശത്തെ പൊക്കാളിപ്പാടത്തെ 25 ഏക്കറിലെ നെൽക്കൃഷിയാണ് നശിച്ചത്. ജൂൺ ആദ്യവാരം പൊക്കാളി പാടത്തെ നാല് ഏക്കറിലെ കൃഷി നശിച്ചിരുന്നു. ജൂലൈ ആദ്യവാരമാണ് വീണ്ടും 25 ഏക്കറിൽ കൃഷി ആരംഭിച്ചത്. പൊക്കാളിപ്പാടം സംരക്ഷണസമിതിയുടെ നേതൃത്വത്തിൽ ജനകീയ പങ്കാളിത്തത്തോടെ കഴിഞ്ഞ വർഷമാണ് കൃഷി പുനരാരംഭിച്ചത്. രണ്ടുതവണ വിതച്ച മുഴുവൻ നെല്ലും നശിച്ചതോടെ രണ്ട് ലക്ഷത്തിൽ അധികം രൂപയുടെ നഷ്ടമുണ്ടായതായി പൊക്കാളി പാടം സംരക്ഷണസമിതി ഭാരവാഹികളായ പി കെ സുബ്രഹ്മണ്യൻ, കെ സി കുഞ്ഞുമോൻ, കെ എ വിശ്വംഭരൻ എന്നിവർ പറഞ്ഞു.

## ഇടപ്പള്ളിയിൽ 3 വീടുകളിൽ വെള്ളം കയറി

**വൈറ്റില**

മഴയിൽ ഇടപ്പള്ളിയിൽ മൂന്ന് വീടുകളിൽ വെള്ളം കയറി. കൊച്ചി നഗരസഭാ 37ാം ഡിവിഷനിൽ റെയിൽവേ ഗേറ്റിനു സമീപം നടുവിലകത്ത് വീട്ടിൽ മൂസ, ഷാമിൽ, സൻവർ എന്നിവരുടെ വീടുകളിലാണ് വെള്ളം കയറിയത്.

ഭാര്യ സൈനബയും അസുഖബാധിതനായ മകനും ഭാര്യയും മകളും മകളുടെ മൂന്നുമാസം പ്രായമായ കൈക്കുഞ്ഞുമാണ് ഇപ്പോൾ വീട്ടിലുള്ളത്. ഇവരുമായി എങ്ങോട്ടുപോകും എന്നറിയാതെ പകച്ചിരിക്കുകയാണ് മൂസ. മൂന്നു മക്കളെ ബന്ധുവീടുകളിലേക്ക് മാറ്റി താമസിപ്പിച്ചു. തൊട്ടടുത്ത വീട്ടിലെ ഭിന്നശേഷിക്കാരനും ലോട്ടറിവിൽപ്പനത്തൊഴിലാളിയുമായ ഷാമിലും വീടിനകത്ത് വെള്ളം കയറിയതോടെ ദുരിതത്തിലായി. പഴയ റെയിൽവേ ഗേറ്റിന്റെ അടിയിൽ വെള്ളം ഒഴുകിപ്പോകാൻ സ്ഥാപി